# ബൈബിൾ ദൂത്



# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിററർ

ഭൂരിപക്ഷം വായനക്കാരുടെ ആവശ്യമനുസരിച്ചു അടുത്ത ലക്കം മുതൽ വായനക്കാർക്കുള്ള ഒരു പംക്തി ആരംഭിക്കുന്നതാണ്. ഇതിലേക്കായി വസ്തുനിഷ്ടമായ അഭിപ്രായങ്ങൾ ചുരുക്കമായി ഞങ്ങൾക്കെഴുതുക. ക്രിയാത്മകവും വചനാടിസ്ഥാനവുമായ നിർദ്ദേശങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു. കത്തുകളയച്ചു് ഞങ്ങളെ പ്രോത്സാഹിപ്പിച്ച എല്ലാ മാന്യ വായനക്കാർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors :**


**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **July 1987** **No. 4**




ദുരഭിമാനത്തിന്റെ പേരിൽ അനേകം ആളുകൾ അന്ധ വിശ്വാസത്തിലും അനാചാരത്തിലും ജീവിതം നയിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥ സത്യാന്വേഷി സത്യം മനസ്സിലാക്കുമ്പോൾ താൻ നയിക്കപ്പെട്ട സമുദായം എത്ര ഉന്നതമായാലും അതു വിട്ടുകളയുന്നത് സ്വാഭാവികമാണ്. മറിച്ച് അതു കാലുമാറലാണ്, രാഷ്ട്രീയ നിലപാടാണ് എന്നെല്ലാം പറഞ്ഞ് പുച്ഛരിക്കുന്നത് ആത്മാർത്ഥതയില്ലായ്മയാണ്. ഇന്നു കാണപ്പെടുന്ന വിഭാഗങ്ങൾ എല്ലാം തന്നെ മനുഷ്യ നിർമ്മിതമാകയാൽ അതിന് ഉറപ്പില്ല. യേശുക്രിസ്തു പറഞ്ഞത് ' സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും '' എന്നാണ്. പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനമാണ് ദൈവ വചനം അനുസരിക്കുമ്പോൾ ഒരു വ്യക്തിക്ക് ലഭിക്കുന്നത്. അതുകൊണ്ട് വക്രതയും കോട്ടവുമുള്ള ആളുകളുടെ ഇടയിൽ നിന്നും വേർപെട്ടു നിഷ്കളങ്കവും നിരപവാദ്യവുമായ ജീവിതം നയിക്കുക എന്നത് ദൈവേഷ്ടമാണ്. അതിനു വേണ്ടി മററുള്ളവരുടെ നിന്ദ സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത്.

**പി. കെ. വർഗ്ഗീസ്**

# " കർത്താവേ, പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ "

**ജെ. സി. ചോട്ടു്**

വി. ലൂക്കോസ് 11-ാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ശിഷ്യന്മാർ യേശുവിനോട് പ്രാർത്ഥിപ്പാൻ അവരെ പഠിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതായി കാണാം. വി. മത്തായിയുടെ വിവരണത്തിൽ ക്രിസ്തു ശിഷ്യന്മാരോട്....നിങ്ങൾ കപട ഭക്തിക്കാരെപ്പോലെ പൊതു ജനത്തിന്റെ ദർശനത്തിനായി പ്രാർത്ഥിക്കുവാൻ ഇഷ്ടപ്പെടുന്നവരെപ്പോലെ ആകരുത് എന്ന് പ്രബോധിപ്പിക്കുന്നു. കൂടാതെ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്, അതിഭാഷണത്താൽ ഉത്തരം ലഭിക്കും എന്ന് ആഗ്രഹിക്കരുത്....എന്നും ക്രിസ്തു മുന്നറിയിപ്പു നല്കുന്നു. തുടർന്ന് കർത്താവിന്റെ പ്രാർത്ഥന എന്നറിയപ്പെടുന്ന പ്രാർത്ഥനയുടെ ഒരു മാതൃക ശിഷ്യന്മാർക്ക് യേശു പറഞ്ഞുകൊടുക്കുന്നതായി കാണാം. (മത്തായി 6:1-18).

ഇന്ന്....ക്രിസ്ത്യാനികളായി തീർന്നവർ പ്രാർത്ഥനയുടെ ആവശ്യകതയും എപ്രകാരം പ്രാർത്ഥിക്കണമെന്നും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. പ്രാർത്ഥന എന്നത് സ്വർഗ്ഗസ്ഥനായ പിതാവുമായുള്ള സംഭാഷണമാണ്. ഈ സംഭാഷണം ദൈവത്തെ സ്തുതിക്കുന്നതോ, ആവശ്യങ്ങൾ അറിയിക്കുന്നതോ, പാപക്ഷമ യാചിക്കുന്നതോ, ഇതെല്ലാം കൂടി ചേർന്നതോ ആകാം.

പ്രാർത്ഥിക്കുവാനുള്ള അവകാശം ദൈവ മക്കളായി തീർന്ന ക്രിസ്ത്യാനികളിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ ബന്ധത്തിൽ ക്രിസ്ത്യാനി ദൈവത്തിന്റെ പൈതലായും ദൈവം ആ വ്യക്തിയുടെ പിതാവുമായും തീരുന്നു. ദൈവ പൈതലായി തീരുന്ന ആ വ്യക്തിയുടെ മേൽ ദൈവത്തിൽ നിന്നു ലഭിക്കുന്ന ഒരു പ്രത്യേക അനുഗ്രഹമാണ് പ്രാർത്ഥന. ക്രിസ്തുവിന്റെ കുടുംബത്തിന്, അഥവാ, സഭയ്ക്ക് പുറത്തുള്ളവർക്ക്, സഭയിലുള്ളവർക്ക് പിതാവിനോട് ലഭിക്കുന്ന അടുപ്പമോ, ബന്ധമോ ഉണ്ടായിരിക്കുകയില്ല.

നാമെല്ലാവരും ദൈവ സാദൃശ്യത്താൽ സൃഷ്ടിക്കപ്പെട്ടു എന്നുള്ളത് സത്യമാണ്....ആ അർത്ഥത്തിൽ നാം ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ ഒരു വ്യക്തി നന്മ തിന്മകളെ തിരിച്ചറിയുന്ന പ്രായത്തിലെത്തിച്ചേരുമ്പോൾ....ആ വ്യക്തി പാപത്തിന്റെ ബോധത്താൽ ദൈവത്തിൽ നിന്ന് അകന്നിരിക്കുന്നു....തുടർന്ന് ആ വ്യക്തി താഴ്മയോടു കൂടി സൃഷ്ടാവിന്റെ മുൻപിൽ സമ

പ്പിക്കുകയും, ദൈവഹിതമനുസരിക്കുകയും ചെയ്യുമ്പോൾ പാപഭാരത്തിൽ നിന്ന് സ്വതന്ത്രനാക്കപ്പെടുന്നു. ഈ ഘട്ടത്തിലാണ്.... ആ വ്യക്തി ദൈവവുമായി പിതാവും പുത്രനുമെന്ന ബന്ധത്തിലെത്തിച്ചേരുന്നത്....അങ്ങനെ ആ വ്യക്തിയ്ക്ക് ദൈവത്തിന്റെ സന്നിധിയിലേയ്ക്കു ധൈര്യമായി കടന്നു ചെല്ലുവാൻ അവകാശം ലഭിക്കുന്നു.......പ്രാർത്ഥനയിലൂടെ.

അവിശ്വാസിയായ പാപിയുടെ പ്രാർത്ഥന ദൈവം ചെവിക്കൊള്ളുന്നില്ല. ( യോഹന്നാൻ 9:31 )....വളരെ വർഷങ്ങൾക്കു മുൻപ് യെശയ്യാവ് ഇപ്രകാരം പറഞ്ഞു—''രക്ഷിപ്പാൻ കഴിയാതെവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതെവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്, നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെ വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത് '' ( യെശയ്യാവ് 59:1—2 ).

മുൻപ് സൂചിപ്പിച്ചതുപോലെ....ക്രിസ്ത്യാനിയാണ് പ്രാർത്ഥനയ്ക്കായി അവകാശം ലഭിച്ച വ്യക്തി. അവൻ ദൈവത്തെ അനുസരിച്ചു, രക്ഷിക്കപ്പെട്ടു, പുതിയ മനുഷ്യനായി സഭയോട് ചേർക്കപ്പെട്ടു, ഒരു ദൈവ പൈതലായി തീർന്നു. പാപത്തിന്റെ പ്രലോഭനങ്ങളിൽ നിന്ന് പൂർണ്ണമായി അവൻ അകന്നു നില്ക്കുകയും ദൈവത്തോട് വിശ്വസ്തനായി ജീവിക്കുകയും ചെയ്യുന്നതിലൂടെ ആ വ്യക്തിയ്ക്ക് ദൈവവുമായി സമ്പർക്കം പുലർത്താൻ കഴിയുന്നു.

മററു വ്യത്യസ്ത മതാനുഷ്ഠാനങ്ങളുടെ ചുററുപാടുകളിൽ നിന്നും വിഭിന്നങ്ങളായ ആചാരങ്ങളുടെ സമ്മർദ്ദങ്ങളിൽ നിന്നും, രക്ഷ നേടി ക്രിസ്ത്യാനികളായി തീർന്ന അനേകർക്ക് ശരിയായ പ്രാർത്ഥനയുള്ളവരെ സഹായിക്കുന്നതിനായി ചില നിർദ്ദേശങ്ങൾ:—

1. ക്രിസ്ത്യാനി എപ്പോഴും പ്രാർത്ഥിക്കുന്ന സ്വഭാവമുള്ളവനായിരിക്കണം. മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെട്ടു. ( ലൂക്കോസ് 18:1 ). അപ്പോസ്തലനായ പൗലോസ് പറഞ്ഞു—''ഇടവിടാതെ പ്രാർത്ഥിപ്പിൻ '' ( 1. തെസ്സലൊനി. 5:17 ) ഒരു വ്യക്തിയ്ക്ക് പിതാവുമായി ശരിയായ ബന്ധമുണ്ടെങ്കിൽ ആ വ്യക്തി പിതാവുമായി സംസാരിക്കുന്നതിനും, സഹായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും, എല്ലാ അനുഗ്രഹങ്ങൾക്കുമായി നന്ദിയുള്ളവനും. ആയിരിക്കും....

2. ഒരു ക്രിസ്ത്യാനിയുടെ പ്രാർത്ഥന പിതാവായ ദൈവത്തെ സംബോധന ചെയ്തു കൊണ്ടുള്ളതും, ദൈവത്തോടും ആയിരിക്കണം... ( ദൈവ മക്കൾ എന്ന നിലയ്ക്ക് ) സ്വാഭാവികമായ.... മക്കൾ പിതാവിനോട് ആകുന്നുവല്ലോ ബന്ധപ്പെടുക. ( എഫേസ്യർ 4:6, എഫേസ്യർ 3:14 , ഗലാത്യർ 3:26,27 ). ക്രിസ്തു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ— '' സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....'' ( മത്തായി 6:9 ) എന്ന് ആരംഭിച്ചു.

3. പ്രാർത്ഥന എന്നത് മനഃപാഠമാക്കി ഉരുവിടുന്ന പ്രക്രിയയല്ല, നമ്മുടെ ഹൃദയത്തിൽ നിന്ന് വരുന്ന ആഗ്രഹങ്ങളും, സ്തുതികളും, ചിന്തകളുമായിരിക്കണം....അതായത് ദൈവത്തോട് ആത്മാർത്ഥതയോടു കൂടിയ ഒരു സംഭാഷണമായിരിക്കണം പ്രാർത്ഥന. അത് വളരെ ദീർഘമായിരിക്കണമെന്ന് നിർബന്ധമൊന്നുമില്ല, പ്രത്യേകിച്ചും പൊതു സ്ഥലങ്ങളിൽ വച്ചു പ്രാർത്ഥിക്കുമ്പോൾ ( മത്തായി 6:5,6 ).

4. ഒരുവൻ ദൈവഹിത പ്രകാരമായിരിക്കണം പ്രാർത്ഥിക്കേണ്ടത്. ദൈവ സ്വഭാവത്തിനും, വിശുദ്ധതയ്ക്കും വിരോധമായിട്ടുള്ള ആവശ്യങ്ങളായിരിക്കരുത് നമ്മുടെ അപേക്ഷകൾ....ഒരു പാപി അനുസരണത്തിലേയ്ക്ക് കടന്നുവരുന്നതിന് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കണം എന്ന് നമുക്ക് യാചിക്കുവാൻ കഴിയുകയില്ല. ദൈവഹിതമെന്തെന്ന് അറിഞ്ഞു ബുദ്ധിപരമായി, വിശ്വാസത്തോട് കൂടിയായിരിക്കണം നാം പിതാവിനോട് അപേക്ഷിക്കേണ്ടത്. യോഹന്നാൻ പ്രസ്താവിച്ചു— '' അവന്റെ ഇഷ്ട പ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു '' ( 1 യോഹന്നാൻ 5:14–15 ).

5. പ്രാർത്ഥന പല തരത്തിലും ആകാം....എവിടെ വച്ചും പ്രാർത്ഥിക്കാം ഏത് സമയത്തും പ്രാർത്ഥിക്കാം. മുട്ടുകുത്തിയോ, നിന്നുകൊണ്ടോ, ഇരുന്നു കൊണ്ടോ, പൊതുവായോ, രഹസ്യമായോ, ശബ്ദത്തോടു കൂടിയോ, മനസ്സുകൊണ്ടോ......, നാം മറ്റുള്ളവരുടെ പ്രാർത്ഥന അനുഗമിക്കുമ്പോൾ....അഥവാ നമുക്കുവേണ്ടി പൊതുവായി ഒരു വ്യക്തി പ്രാർത്ഥിക്കുമ്പോൾ ആ വ്യക്തി ഉച്ചരിക്കുന്ന വാക്കുകളിൽ നമ്മുടെ മനസ്സു പൂർണ്ണമായി കേന്ദ്രീകരിച്ചിരിക്കണം, ഓരോ വാക്കും ശ്രദ്ധയോടെ കേൾക്കുമ്പോൾ ആ പ്രാർത്ഥന നമ്മുടെ പ്രാർത്ഥനയായി തീരുന്നു.

6. യേശുക്രിസ്തുവിന്റെ നാമത്തിൽ ആയിരിക്കണം നാം പ്രാർത്ഥിക്കേണ്ടത്. പ്രാർത്ഥനയുടെ അവസാനമായി....'' ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു, പ്രാർത്ഥിക്കുന്നു '' എന്ന് പ്രസ്താവിച്ചിരിക്കണം. ഇതിന്റെ അർത്ഥം....ക്രിസ്തു മുഖാന്തിരം അഥവാ ക്രിസ്തുവിന്റെ അധികാരത്തിൽ നാം പിതാവിനോട് അപേക്ഷിക്കുന്നു എന്നാണ്.

ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനും, നമുക്കുവേണ്ടി വാദിക്കുന്നവനുമാണ്. യോഹന്നാൻ എഴുതി—'' എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്.... '' ( 1. യോഹന്നാൻ 2:1—2 ). അപ്പോസ്തലനായ പൗലോസ് തിമോഥെയോസിനു എഴുതുമ്പോൾ ഇപ്രകാരം സൂചിപ്പിച്ചു. 1. തിമോഥെയോസ് 2:5—'' ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ........മനുഷ്യനായ ക്രിസ്തുയേശു തന്നെ ''

മനുഷ്യരായ നമുക്ക് സ്വർഗ്ഗസ്ഥനായ പിതാവിന്റെ അടുക്കലേക്ക് നേരിട്ടു കടന്നു ചെല്ലുവാൻ കഴിയുകയില്ല. ഉപദേശി, ബിഷപ്പ്, പോപ്പ് തുടങ്ങിയ മനുഷ്യർ മുഖാന്തിരമോ ആർക്കും ദൈവത്തിന്റെ സന്നിധിയിൽ എത്തിച്ചേരുവാൻ സാധിക്കുകയില്ല. മനുഷ്യനും ദൈവത്തിനും മദ്ധ്യേ നില്ക്കുന്നവൻ ഒരേ ഒരുവൻ മാത്രം—കർത്താവായ യേശുക്രിസ്തു. അവൻ നമ്മുടെ മദ്ധ്യസ്ഥൻ, കാര്യസ്ഥൻ, നമുക്കുവേണ്ടി സംസാരിക്കുന്നവൻ....അവനിൽ കൂടി മാത്രമേ ആർക്കും ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ ബലഹീനതകൾക്കുവേണ്ടി അവൻ വാദിക്കുന്നു. ഈ കാരണത്താലാണ് നാം ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കേണ്ടത്.

7. അവസാനമായി, നാം സാധാരണയായി ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു എന്നു പറഞ്ഞതിനുശേഷം....' ആമേൻ ' എന്ന് ഉച്ചരിയ്ക്കാറുണ്ട്. ഇതിന്റെ അർത്ഥം....' അങ്ങനെ തന്നെ ' എന്നാണ്. അതായത് പ്രാർത്ഥനയെ നാം പൂർണ്ണമായി അംഗീകരിക്കുന്നു. പ്രാർത്ഥിച്ച എല്ലാ കാര്യത്തിലും ഞങ്ങൾ ഏക സ്വഭാവമുള്ളവരാണ് എന്ന് സ്ഥാപിക്കുന്നു.

നിങ്ങൾ ഒരു ക്രിസ്ത്യാനി ആകുന്നുവോ ? അങ്ങനെയെങ്കിൽ നിങ്ങൾ ഒരു പ്രാർത്ഥനാ സ്വഭാവമുള്ള ക്രിസ്ത്യാനിയാണെന്ന് ഞാൻ ഊഹിക്കുന്നു. ഈ കാര്യങ്ങൾ ( പ്രാർത്ഥനയെ പററി ) മനസ്സിൽ സൂക്ഷിക്കുകയും പ്രാർത്ഥിക്കുമ്പോൾ ഓർമ്മിക്കുകയും

ചെയ്യുമല്ലൊ. നിങ്ങാം ക്രിസ്ത്യാനി ആയി തീർന്നിട്ടില്ലെങ്കിൽ ദൈവഹിതം പ്രകാരം പ്രാർത്ഥിക്കേണ്ടതിന് അപ്രകാരം ആയി തീരട്ടെ എന്ന് പത്യാശിക്കുന്നു. നിങ്ങാം ഒരു ക്രിസ്ത്യാനി ആയി തീരുമ്പോഴാണ്....ദൈവ പൈതലായി ശരിയായി പ്രാർത്ഥിക്കുവാൻ നിങ്ങാംക്ക് അവസരം ലഭിക്കുന്നത്. ആ പ്രാർത്ഥനകാംക്ക് ദൈവം മറുപടി നല്കുന്നു....അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

---

# ശബത്ത് നാൾ

**ജോണി റാംസേ**

ശബത്ത് നാളിനെക്കുറിച്ച് നാം ചിന്തിക്കുമ്പോാം അത് ഇന്നു ആചരിക്കുന്ന കൂട്ടരുടെ ഖാദമുഖങ്ങളെ നാം മനസ്സിലാക്കുന്നത് സഹായകരമാണ്. ആ അറിവിലൂടെ സത്യം നമുക്ക് കണ്ടെത്തുവാൻ കഴിയും.

മോശയുടെ ന്യായ പ്രമാണത്തെ ഉദ്ദേശിച്ചുകൊണ്ട് അപ്പോസ്തലനായ പൗലോസ് എഴുതുന്ന ഭാഗം ആദ്യമായി നോക്കാം. കൊലൊസ്സ്യർ 2-ാം അദ്ധ്യായം 14-ാം വാക്യത്തിൽ— " അതിക്രമങ്ങാം ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കികളഞ്ഞു " എന്നു കാണുന്നു. പഴയ നിയമകാലത്തെ യഹൂദന്മാർ മററു ജാതികളിൽ നിന്നും വ്യത്യസ്തരായിരുന്നു....ദൈവം അവരെ മററു ജാതികളിൽ നിന്നും വിഭിന്നരായി തെരഞ്ഞെടുത്തിരുന്നു....പക്ഷേ ക്രിസ്തുവിന്റെ വരവിൽ എന്ത് സംഭവിച്ചു എന്ന് പൗലോസ് പറയുന്നത് ശ്രദ്ധേയമാണ്. ' ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു ' എഫേസ്യർ 2:11–17.

ശബത്ത് നാളിനെ ഇന്നും കാത്ത് സൂക്ഷിക്കുന്നവർ തങ്ങളുടെ വാദത്തെ സ്ഥാപിക്കുന്നതിന് വേണ്ടി ദൈവം മോശയ്ക്ക് നല്കിയ ന്യായപ്രമാണത്തെ രണ്ട് ഭാഗങ്ങളായി വേർതിരിച്ചിരിയ്ക്കുന്നു. ceremonial Law ( ആചാരപരമായ, എന്നും Moral Law സദാചാരപരമായ ) എന്നും. ഈ വിഭജനത്തിൽ സദാചാരപരമായ വിഭാഗത്തെ ദൈവ നിയമമെന്നും ആചാരപരമായതിനെ മോശയുടെ നിയമമെന്നും സംബോധനചെയ്യുന്നു. അവരുടെ അഭിപ്രായ പ്രകാരം ദൈവം ക്രിസ്തുവിൽ കൂടി ക്രൂശിൽ തറച്ചത് ' മോശയുടെ നിയമം ' അഥവാ ആചാരപരമായഭാഗമാണ്. ശബത്ത് കല്പനകാം ഉാംക്കൊള്ളുന്ന ' ദൈവ നിയമം ' ഇന്നും നിലവിലിരിക്കുന്നു എന്ന് വാദിക്കുന്നു.

പ്രിയ സുഹൃത്തുക്കളേ മേൽ ഉദ്ധരിച്ച വാദമുഖങ്ങളൊന്നും ദൈവം മനുഷ്യർക്കു നല്കിയ തിരുവചനത്തിൽ രേഖപ്പെടുത്തിയതല്ല. മനുഷ്യ മനസ്സുകളിൽ സ്വന്ത താല്പര്യങ്ങളെ കാത്ത് സൂക്ഷിക്കുന്നതിനു വേണ്ടി ഉരുത്തിരിഞ്ഞിട്ടുള്ള ചിന്തകൾ മാത്രമാണിവ. ആയതിനാൽ തിരുവചനത്തിന്റെ വെളിച്ചത്തിൽ ഇവ നമുക്ക് സൂക്ഷ്മമായി പരിശോധിക്കാം.

1. ആദ്യമായി നെഹമ്യാവ് 8:1–ൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കാം " യഹോവ യിസ്രായേലിന് കല്പിച്ചു കൊടുത്ത മോശയുടെ ന്യായപ്രമാണ പുസ്തകം കൊണ്ട് വരുവാൻ എസ്രാ ശാസ്ത്രിയോട് പറഞ്ഞു " ഈ ഭാഗത്തിൽ ' മോശയുടെ ന്യായപ്രമാണം, എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ദൈവം മോശ മുഖാന്തിരം തന്റെ ജനത്തിനു നല്കിയ നിയമത്തെ ഉദ്ധരിച്ചാണ്. ഒരു വിഭജനം അവിടെ ദൃശ്യമല്ല.

2. ലൂക്കോസിന്റെ സുവിശേഷം 2:22–24 വരെയുള്ള ഭാഗങ്ങളിൽ ശുദ്ധീകരണ ചടങ്ങുകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ശബത്ത് നാം ആചരിക്കുന്ന സുഹൃത്തുക്കൾ. ഈ ഭാഗം ( ആചാരങ്ങൾ ) മോശയുടെ നിയമം ....അല്ലെങ്കിൽ ' അചാരപരമായ ഭാഗമാണെന്ന് വിഭജിച്ചിരുന്നുവല്ലോ....പക്ഷേ പരിശുദ്ധാത്മ നിയോഗത്താൽ വി. ലൂക്കോസ് ഈ ഭാഗം രേഖപ്പെടുത്തുമ്പോൾ ഒരേ വിവരണത്തിൽ ' മോശയുടെ ന്യായപ്രമാണ ' മെന്നും ' കർത്താവിന്റെ ന്യായപ്രമാണ ' മെന്നും മാറിമാറി വിശേഷിപ്പിച്ചിരിക്കുന്നു ! ( 22–ഉം 24–ഉം വാക്യങ്ങൾ ).

3. ക്രിസ്ത്യാനികളായി തീർന്ന യഹൂദർ ജാതികളുടെ മേൽ പഴയ നിയമത്തിന്റെ ആചാരങ്ങളെ കെട്ടിവയ്ക്കുന്നതായി അപ്പോ: പ്രവൃത്തികൾ 15–ാം അദ്ധ്യായത്തിൽ കാണാം. അവിടെ യെരുശലേമിൽ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുവാൻ സഹോദരന്മാർ ഒന്നിച്ചു കൂടിയിരിക്കുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. 5–ാം വാക്യത്തിൽ. 'എന്നാൽ പരീശ പക്ഷത്തിൽ നിന്നു വിശ്വസിച്ചവർ ചിലർ എഴുന്നേറ്റു അവരെ പരിച്ഛേദന കഴിപ്പിക്കുകയും മോശയുടെ ന്യായപ്രമാണം ആചരിപ്പാൻ കല്പിക്കുകയും വേണം എന്നു പറഞ്ഞു '.

ശബത്ത് നാളിനു വേണ്ടി വാദിക്കുന്നവരുടെ അഭിപ്രായ പ്രകാരം, അഥവാ ദൈവ നിയമമെന്നും. മോശയുടെ നിയമമെന്നും ന്യായപ്രമാണത്തെ രണ്ടായി വിഭജിക്കുന്നവരുടെ വാദഗതിയിൽ പരിച്ഛേദന എന്ന ആചാരം മോശയുടെ ന്യായപ്രമാണം ( നിയമം ) ആണല്ലോ. പക്ഷേ അപ്പോസ്തല പ്രവൃത്തികൾ 15:5–ൽ പരി

ച്ഛേദന കഴിപ്പിക്കുന്നതിനെക്കുറിച്ച് അവിടെ നടന്ന തർക്കം പിന്നെ എന്തിനു വേണ്ടി? ക്രിസ്തുവിന്റെ മരണശേഷമായിരുന്നില്ലേ ആ സംഭവം !

തിരുവചനത്തിന്റെ വെളിച്ചത്തിൽ ശബത്ത് നാം പഴയ നിയമത്തോടൊപ്പം മാററപ്പെട്ടു എന്ന് സംശയരഹിതമായി തെളിയിക്കുവാൻ കഴിയുന്നു....ക്രിസ്തുവിന്റെ ശരീരം മുഖാന്തിരം ന്യായപ്രമാണ സംബന്ധമായി നാം മരിച്ചിരിക്കുന്നു........കൂടാതെ നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു....ക്രിസ്തുവിന്റെ മരണത്താൽ മാററപ്പെട്ട ഈ ന്യായപ്രമാണത്തിൽ തന്നെയാണ് ' ശബത്ത് നാളിനെ ശുദ്ധീകരിക്ക ' എന്ന് കല്പിച്ചിരുന്നതും ( റോമർ 7:1-7, പുറപ്പാട് 20:8-17 ).

നാം പഴയ നിയമത്തിലേയ്ക്ക് വീണ്ടും പോകുന്നുവെങ്കിൽ അതായത് ക്രിസ്തുവിനു പകരം മോശയുടെ നിയമത്തെ അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുമ്പോഠം....നമ്മുടെ ഹൃദയത്തിൽ മൂടുപടം ഇരിക്കുന്നുവെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു( 1 കൊരിന്ത്യർ 3. ).

പൗലോസിന്റെ വാക്കുകളിൽ മോശയുടെ ന്യായപ്രമാണം കല്പലകയിൽ എഴുതപ്പെട്ടപ്പോഠം പുതിയ നിയമം ഹൃദയമെന്ന മാംസപ്പലകയിൽ തന്നെ എഴുതിയിരിക്കുന്നു,—2 കൊരിന്ത്യർ 3:3 ( ഈ അദ്ധ്യായം പൂർണ്ണമായി വായിക്കുക ) പഴയത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു, ( 14—ാം വാക്യം ) പഴയത് ഇടിച്ചുകളഞ്ഞു, ( എഫേസ്യർ 2:15 ), ക്രൂശിൽ തറച്ചു നടുവിൽ നിന്ന് നീക്കികളഞ്ഞു, കൊലൊസ്സ്യർ 2:14 ), നിവൃത്തിയായി, മത്തായി 5:18, ഗലാത്യർ 3:19-28....എന്നെല്ലാം വ്യത്യസ്ത വിവരണങ്ങളിലൂടെ നീങ്ങിപ്പോയ പഴയ നിയമത്തെപററി വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ശബത്ത് നാം ആചരിക്കുന്നവർ ശനിയാഴ്ചയാണല്ലോ ദൈവത്തെ ആരാധിക്കുന്നതിനായി കൂടിവരുന്നത്... അത് ശരിയാണോ ?

കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേററത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് ( മർക്കോസ് 16:9 ). ക്രിസ്തുവിന്റെ സഭ സ്ഥാപിതമായത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാഠം ( ഞായറാഴ്ച ) അതായത് ക്രിസ്തുവിന്റെ മരണത്തിനുശേഷമുള്ള പെന്തക്കോസ്തു നാളിൽ ( ലേവ്യ പുസ്തകം 23:15, പ്രവൃത്തി2—ാം അദ്ധ്യായം ) ആയിരുന്നു. ആദിമ ക്രിസ്ത്യാനികഠം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് അപ്പം നുറുക്കുവാൻ കൂടിവന്നത് ( പ്രവൃത്തികഠം 20:7 )....' ആഴ്ചവട്ടത്തിന്റെ ഒന്നാം നാഠം തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതുചരതിച്ചു തന്റെ പ

കൽ വെച്ചുകൊള്ളേണം എന്നും രേഖപ്പെടുത്തിയിരിക്കുന്നു ''1 കൊരിന്ത്യർ 16:2.

നാം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ, ഞായറാഴ്ച, ദൈവത്തെ ആരാധിക്കുന്നതിനായി കൂടിവരുന്നതിന്റെ കാരണം ദൈവം മറ്റേതെങ്കിലും ദിവസമാണ് നാം ആരാധിക്കുവാൻ കൂടി വരേണ്ടത് എന്ന കല്പന നല്കിയിട്ടില്ല എന്നുള്ളത് തന്നെ....ശബത്ത് നാം ഒരിക്കലും പുതിയ നിയമ സഭയെ ബാധിക്കുകയില്ല. പഴയ കല്പനയിലേയ്ക്ക് നാം പോകുന്നത് സ്വരൂപമായത് നിലവിലിരിക്കെ അതിന്റെ നിഴലിനെ അംഗീകരിക്കുന്നതുപോലെയാണ്. ( എബ്രായർ 10:1 ). മോശയ്ക്ക് ദൈവം നല്കിയ ആ നിയമത്തെ നാം സ്വീകരിക്കുമ്പോൾ ക്രിസ്തു അത് നീക്കം ചെയ്യുവാൻ മരിച്ചു എന്ന വസ്തുത നാം തള്ളികളയുന്നു. ( എഫേസ്യർ 2:11–16, 2 കൊരിന്ത്യർ 3:7–17 ) സ്വാതന്ത്ര്യം ലഭ്യമായിരിക്കെ ( ഗലാത്യർ 5:1, 13 യാക്കോബ് 1:25 ) അടിമത്വത്തിലേയ്ക്കു പോകുന്നതുന്നല്ല. ( ഗലാത്യർ 4:24, 5:1 ). കൂടാതെ '' ന്യായപ്രമാണത്താൽനീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേറുപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്നു വീണുപോയി ''ഗലാത്യർ 5:4 എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

ആരാണ് ആരാധന ദിവസം ശനിയാഴ്ചയിൽ നിന്ന് ഞായറാഴ്ചയായി മാററിയത് ? ബിഷപ്പോ, പോപ്പോ, തിരുമേനിയോ അല്ല. പിന്നെയോ....കർത്താവായ യേശുക്രിസ്തു തന്റെ ക്രൂശിലെ മരണത്താലും ( കൊലൊസ്സ്യർ 2:14 ) ഉയിർത്തെഴുന്നേല്പിനാലും തന്നേ. ( മർക്കോസ് 16:9 ) കർത്താവിനാൽ നിയോഗിക്കപ്പെട്ട അപ്പോസ്തലന്മാർ ഈ സത്യം അനുസരിച്ചു....പാലിച്ചു. ( പ്രവൃത്തി 20:7 ) ക്രിസ്തു വാഗ്ദാനം ചെയ്തതുപോലെ പരിശുദ്ധാത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തി ( യോഹന്നാൻ 16:13 )....അതുപോലെ തന്നെ നിങ്ങളും സത്യത്തിന്റെ ശബ്ദം കേട്ട് അനുസരണമുള്ളവരായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

* * * *

# തിരുവചനത്തിലെ സഭ

## സഭയുടെ വ്യക്തിത്വം

വളരെ നാളുകളായി നഷ്ടപ്പെട്ടു പോയ ഒരു ഉററ സ്നേഹിതനെ നിങ്ങൾ എപ്രകാരം തിരിച്ചറിയും ?

സ്വാഭാവികമായും നിങ്ങൾക്ക് അറിയാവുന്നതും ലഭിക്കാവുന്നതുമായ എല്ലാ അടയാളങ്ങളും ആ വ്യക്തിയെ കണ്ടെത്തുന്നതിനും

തിരിച്ചറിയുന്നതിനും ഉപയോഗിക്കും എന്നതിനു സംശയമില്ല. എല്ലാ അടയാളങ്ങളും ശരിയാണെന്ന് കണ്ടതിനുശേഷം മാത്രമേ നഷ്ടപ്പെട്ടു പോയ വ്യക്തിയെ നാം സ്വീകരിക്കുവാൻ ധൈര്യപ്പെടാറുള്ളൂ.

ഇന്ന് ലോകത്തിൽ അനേകം സഭകൾ നിലവിലിരിക്കുന്നു. ഏതാണ് ശരിയായിട്ടുള്ള സഭയെന്ന് ഒരു വ്യക്തിയ്ക്ക് എപ്രകാരം കണ്ടെത്തുവാൻ കഴിയും? ക്രിസ്തുവിന്റെ സഭ ഏത് എന്ന് എങ്ങനെ തിരിച്ചറിയാം? സഭയുടെ വ്യക്തിത്വത്തിന്റെ എല്ലാ അടയാളങ്ങളുമായി ഇന്നു നിലവിലിരിക്കുന്ന സഭകളെ താരതമ്യപ്പെടുത്തേണ്ടിയിരിക്കുന്നു, യഥാർത്ഥമായ സഭയെ കണ്ടെത്തുവാൻ.

സഭയുടെ വചന പ്രകാരമുള്ള എല്ലാ അടയാളങ്ങളും പൂർണ്ണമായി കണ്ടെത്തുവാൻ കഴിഞ്ഞാൽ മാത്രമേ ആ സഭ ശരിയായ സഭ എന്ന് അംഗീകരിക്കുവാൻ കഴിയുകയുള്ളൂ.

എന്താണ് സഭയുടെ അടയാളങ്ങൾ? അത് എവിടെ കണ്ടെത്താം ബൈബിൾ, അഥവാ ദൈവ വചനമാണ് അതിനുത്തരം.

തിരുവചനത്തിൽ യഥാർത്ഥ സഭയുടെ അടയാളങ്ങൾ വ്യക്തമായി നല്കിയിരിക്കുന്നു. നമുക്ക് അവ ശ്രദ്ധിക്കാം....

1. ക്രിസ്തുവാണ് സഭ സ്ഥാപിച്ചത്. "നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോട് പറയുന്നു" മത്തായി 16:18.

2. സഭയുടെ ആരംഭം യെരുശലേമിൽ നിന്നായിരുന്നു. ലൂക്കോസ് 24:45–49– പ്രവൃത്തികൾ 2:5– എന്നിവ വായിക്കുക.

3. AD 33–ലാണ് സഭ സ്ഥാപിക്കപ്പെട്ടത്. പ്രവൃത്തികൾ 2–ാം അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ ഇതു മനസ്സിലാക്കുവാൻ സാധിക്കും. പെന്തെകൊസ്തു ദിവസമായിരുന്നു സഭ നിലവിൽ വന്നത്

4. സഭ ക്രിസ്തുവിന്റെ നാമം ധരിച്ചിരുന്നു. പല സ്ഥലങ്ങളിലായുള്ള ക്രിസ്തീയ കൂട്ടായ്മകളെ ഉദ്ധരിച്ചുകൊണ്ട് പൗലോസ് ഇപ്രകാരം പറഞ്ഞു—"ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" റോമർ 16:16 കൊരിന്തിലുള്ള സഭയോട് പൗലോസ് പറയുന്നത് ശ്രദ്ധേയമാണ് "എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയി അവയവങ്ങളും ആകുന്നു" (1 കൊരി 12:27) ആയതിനാൽ എന്താണ് ശരീരം? സഭ തന്നെ (എഫേസ്യർ 1:22, 23).

5. സഭയിലെ അംഗങ്ങളെ 'ക്രിസ്ത്യാനികൾ' എന്നു വിളിക്ക

പ്പെട്ടു. " അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്ക് ക്രിസ്ത്യാനി കരം എന്ന പേർ ഉണ്ടായി '' പ്രവൃത്തികരം 11:26.

'' അഗ്രിപ്പാ പൗലോസിനോട്; ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു എന്ന് പറഞ്ഞു '' പ്രവൃത്തികരം 26:28.

'' ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു '' 1 പത്രോസ് 4:16.

അവസാനമായി—പ്രവൃത്തി 4:12—ൽ '' നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല '' എന്നും കാണുന്നു.

6. ഏക തല ക്രിസ്തുവാണ്. '' അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും അവൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേററവനും ആകുന്നു '' കൊലൊസ്സ്യർ 1:18.

7. സഭ ഒന്നു മാത്രം ' നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു ആത്മാവ് ഒന്ന് '' ( എഫേസ്യർ 4:4 ).

എന്താണ് ഈ ശരീരം....കൊലൊസ്സ്യർ 1:18—പ്രകാരം ഈ ശരീരം സഭയാണ്. ശരീരം ഒന്നു മാത്രമായിരിക്കുന്നതിനാൽ സഭയും ഒന്നുമാത്രം.

8. വചന പ്രകാരം സഭയിലെ പ്രവേശനത്തിനുള്ള നിബന്ധനകരം ഇവയാണ്....വിശ്വാസം ( എബ്രായർ 11:6 ) മാനസാന്തരം ( പ്രവൃത്തികരം 17:30 ) വിശ്വാസത്തോടു കൂടിയ ഏററുപറച്ചിൽ (റോമർ 10:9,20 ) സ്നാനപ്പെടൽ ( മർക്കോസ് 16:16, പ്രവൃത്തി 2:38 ) ഒരുവൻ ഒരിക്കൽ രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ അവൻ സഭയോട് ചേർക്കപ്പെടുന്നു. ( പ്രവൃത്തികരം 2:47 ) റോമർ 6:3—4 ഗലാത്യർ 3:26, 27, 1 കൊരിന്ത്യർ 12:13 എന്നീ വേദ ഭാഗങ്ങരം പ്രകാരം ഒരു വ്യക്തി സ്നാനത്താൽ ക്രിസ്തുവിനോടും അവന്റെ സഭയോടും ചേർക്കപ്പെടുന്നു എന്നു കാണുന്നു. ഇപ്രകാരമാണ്....അഥവാ ഈ വചനത്തിന്റെ അനുസരണത്തിലൂടെയാണ്....ഒരു വ്യക്തി ദൈവരാജ്യത്തിൽ പുതിയതായി ജനിക്കപ്പെടുന്നത്; സഭയോട് ചേർക്കപ്പെടുന്നത് ( യോഹന്നാൻ 3:3—5 ).

9. സഭയുടെ ആരാധനക്രമം വ്യക്തമാണ്. ക്രിസ്ത്യാനികരം ആഴ്ചവട്ടത്തിന്റെ ഒന്നാം നാരം കൂടിവരുന്നു. ( പ്രവൃത്തികരം 20:7) പാട്ടുകരം പാടുന്നു. ( എഫേസ്യർ 5:19 ) പ്രാർത്ഥിക്കുകയും ( പ്ര

പ്രവൃത്തികൾ 2:42 ( വചനം പഠിക്കുകയും ചെയ്യുന്നു ( 2 തിമോഥെ 2:15 ). കൂടാതെ കർത്തൃമേശയിൽ പങ്കുകൊള്ളുകയും ( 1 കൊരിന്ത്യർ 11 ) അവരുടെ ദാനങ്ങൾ നല്കുകയും ചെയ്യുന്നു. ( 1 കൊരിന്ത്യർ 16:2 ).

10. സഭയുടെ ഉപദേശം ബൈബിളിൽ മാത്രം ആശ്രയിച്ചുള്ളതാണ്. മറ്റൊന്നും അതിനോടു കൂട്ടിച്ചേർക്കാതെയും, എടുത്തുകളയാതെയും, പകരം നിർദ്ദേശിക്കുകയും ചെയ്യാതെയും അതിനെ കാത്തു സൂക്ഷിക്കുന്നു. ( വെളിപ്പാട് 22:18,19, ഗലാത്യർ 1:6–11 ) ബൈബിളിനുപരി എല്ലാ ഗ്രന്ഥങ്ങളെയും, ക്രമങ്ങളെയും സഭ അംഗീകരിക്കുന്നില്ല....അവയെ നിരസിക്കുന്നു.

11. സഭയുടെ ഭരണവും ദൈവ നിശ്ചയ പ്രകാരമായിരിക്കും.... ക്രിസ്തുവാണ് തല. ( എഫേസ്യർ 5:23 ) എല്ലാ കൂട്ടായ്മകൾക്കും അവരുടേതായ മൂപ്പന്മാരും, അദ്ധ്യക്ഷന്മാരും ഉണ്ടായിരിക്കും 1 തിമോഥെയോസ് 3, ( തീത്തോസ് 1–ാം അദ്ധ്യായം ) ക്രിസ്തുവിന്റെ സഭയ്ക്കു ഈ ഭൂമിയിൽ കേന്ദ്രീകരിക്കപ്പെട്ട ആസ്ഥാനങ്ങളോ, എല്ലാ കൂട്ടായ്മകളെയും ഭരിക്കുന്ന വ്യക്തികളോ ഉണ്ടായിരിക്കുകയില്ല.

12. സഭയുടെ ചുമതല 3 രീതിയിലാണ്. സുവിശേഷം പ്രസംഗിക്കുക ( മർക്കോസ് 16:15,16 ), ആവശ്യക്കാരെ സഹായിക്കുക. ഗലാത്യർ 6, യാക്കോബ് 2 ) അംഗങ്ങളെ ആത്മീയ വളർച്ചയിൽ സഹായിക്കുക ( എബ്രായർ 3:12–14 )

13. ഓരോ ക്രിസ്ത്യാനിയും വിശ്വസ്തതയോടെ ക്രിസ്തീയ ജീവിതം നയിക്കേണ്ടതാണ്. ലോകത്തെ അവർക്ക് സ്നേഹിക്കുവാൻ കഴിയുകയില്ല. ( 1 യോഹന്നാൻ 2:15, യാക്കോബ് 4:4 ) അവർ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ആയിരിക്കണം ( ഗലാത്യർ 5:22–23 ) വിശ്വസ്തനായി ജീവിക്കുന്ന വ്യക്തി മാത്രമേ ജീവന്റെ കിരീടം പ്രാപിക്കുകയുള്ളു. ( വെളിപ്പാട് 2:10 ).

ഇതാണ് സഭയുടെ ചില അടയാളങ്ങൾ....തിരുവചനമാകുന്ന ദൈവ പദ്ധതിയിൽ നിന്നാണ് ഇവ എടുത്തിരിക്കുന്നത്....ദയവായി നിങ്ങളുടെ സഭയെ ഈ അടയാളങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുക.

ഉദാഹരണമായി —സ്വയമായി ഇപ്രകാരം ചോദിക്കുക....

" ആരാണ് എന്റെ സഭയെ സ്ഥാപിച്ചത് ? ക്രിസ്തുവാണോ അതോ ഏതെങ്കിലും വ്യക്തികളോ ? എവിടെയാണ് അത് സ്ഥാപിച്ചത് ? എപ്പോഴാണ് സ്ഥാപിക്കപ്പെട്ടത് ? AD 33–ൽ സ്ഥാപിക്കപ്പെട്ട സഭ അല്ല എങ്കിൽ അത് യഥാർത്ഥമായ സഭ അല്ല എന്ന്

മനസ്സിലാക്കുക. ഏതു പേരിലാണ് എന്റെ സഭ അറിയപ്പെടുന്നത് ? ക്രിസ്തുവിന്റെ പേരിലല്ല എങ്കിൽ എപ്രകാരം അത് ക്രിസ്തുവിനുള്ളതായി തീരും ?....തുടങ്ങിയ ചോദ്യങ്ങൾ വഴി സത്യം കണ്ടെത്തുക. ഇപ്രകാരം നിങ്ങൾ ആത്മാർത്ഥതയോടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമെങ്കിൽ സത്യം കണ്ടെത്തുവാൻ നിങ്ങൾക്കു കഴിയും.

നിങ്ങൾ ആയിരിക്കുന്ന സഭ വചന പ്രകാരമുള്ള സഭയല്ല എന്ന് നിങ്ങൾ മനസ്സിലാക്കി എങ്കിൽ....ദയവായി സത്യം അനുസരിക്കുകയും യഥാർത്ഥ സഭയോട് നിങ്ങൾ ചേർക്കപ്പെടേണ്ടതിന് വചനം അനുസരിക്കുകയും ചെയ്യുക.
സഹായത്തിനായി ഞങ്ങൾക്കു് എഴുതുക...

(തുടരും)

---

# ഇപ്പോൾ അല്ലെങ്കിൽ പിന്നൊരിക്കലും

ഫ്രാൻസിസ് ഡേവിഡ്

ദൈവ കൃപയാലും കാരുണ്യത്താലും നാം ഇന്ന് ജീവനോടിരിക്കുന്നതിനായി ദൈവത്തിന് സ്തോത്രം. ആയിരക്കണക്കിന് മനുഷ്യർ ദിനം തോറും മരിച്ചു എന്നന്നേക്കുമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്ക് ഇനി ഒരിക്കലും മടങ്ങിവരുവാൻ കഴിയുകയില്ല. പക്ഷേ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ ഭാഗം (ശ്രദ്ധിക്കുക— കർത്താവിൽ മരിക്കുന്ന മൃതന്മാർ (വെളിപ്പാട് 14:13)

ഈ ലോകത്തു നിന്നും ഒരു ദിവസം മാറ്റപ്പെടേണ്ടവരാണ് നാം. പക്ഷേ പ്രധാനമായ വിഷയം നമ്മുടെ മരണം കർത്താവിലോ അതോ കർത്താവില്ലാതെയോ എന്നതാണ് ? ഒരിക്കൽ മരിക്കണമെന്നും പിന്നെ ന്യായവിധിയും മനുഷ്യർക്കായി നിയമിച്ചിരിക്കുന്നുവെന്നും ബൈബിൾ വ്യക്തമായി പ്രസ്താവിക്കുന്നു (എബ്രായർ 9:27).

പ്രിയ സുഹൃത്തേ താങ്കൾ ദൈവഹിതം അനുസരിച്ചുവോ ? താങ്കളുടെ രക്ഷക്കായി യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കുവാൻ കഴിഞ്ഞുവോ ? ഇല്ലെങ്കിൽ നിങ്ങളുടെ ജീവിതവും മരണവും കർത്താവിലല്ല എന്നു വരുന്നു.

ബൈബിളിൽ ഫേലിക്സ് എന്ന ഒരു വ്യക്തിയെക്കുറിച്ച് നമുക്ക് വായിക്കുവാൻ സാധിക്കുന്നു. അപ്പോസ്തലനായ പൗലോസ്

ഈ വ്യക്തിയോട് സുവിശേഷം പ്രസംഗിക്കുമ്പോൾ..... കുറിച്ചു കേട്ടതിനുശേഷം.....തല്ക്കാലത്തേയ്ക്ക് നിർത്തുവാൻ ആവശ്യപ്പെടുന്നു. "തല്ക്കാലം പോകാം; അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം എന്നു പറഞ്ഞു" (പ്രവൃത്തികൾ 24:24–25).

ഫേലിക്സിന് സുവിശേഷം കേൾക്കുന്നതിന് മറ്റൊരു അവസരം ലഭിക്കുന്നില്ല എന്നു നാം വചനത്തിൽ കാണുന്നു. ഫേലിക്സിനെപ്പോലെ നമ്മുടെ ചുററും അനേകം വ്യക്തികൾ ഉണ്ടു്. സുവിശേഷം അനുസരിക്കുന്ന ഘട്ടത്തിലേയ്ക്ക് വരുവാൻ അവർ മടിക്കുന്നു........സത്യം അറിയുന്നതിന് പല മാർഗ്ഗങ്ങൾ ഉണ്ടായിരുന്നിട്ടും ആത്മാവിന്റെ രക്ഷയെ തള്ളികളയുന്നവരുടെ ഭാവി അപകടകരമാണ്.

പാപികളെ രക്ഷിക്കുന്നതിനുള്ള ശക്തി സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നു. ( റോമർ 1:16 )....പ്രിയ സുഹൃത്തേ; ഈ ഭൂമുഖത്ത് നിങ്ങൾ ജീവിച്ചിരിക്കുന്ന സമയത്തു തന്നെ നിങ്ങളുടെ ആത്മരക്ഷയ്ക്കാവശ്യമായ സുവിശേഷം കേൾക്കുന്നതിനും അനുസരിക്കുന്നതിനുമുള്ള അവസരം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ( 2 കൊരിന്ത്യർ 6:2 ) സുവിശേഷം കേൾക്കുന്ന ദിവസമാണ്.....അത് അനുസരിക്കുന്നതിന് താങ്കൾക്ക് ലഭിക്കുന്ന അവസരം....ചിലപ്പോൾ രണ്ടാമതൊരു സന്ദർഭം ലഭിച്ചെന്നിരിക്കില്ല.

അപ്പോസ്തല പ്രവൃത്തികളിൽ ഒരു ഷണ്ഡനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. (പ്രവൃത്തികൾ 8:26–39). രക്ഷയ്ക്കുള്ള അവസരം മാററിവയ്ക്കുന്നവർക്ക് പ്രയോജനകരമായ ഉദാഹരണമാണ് അവിടെ കാണുന്നത്. ഫിലിപ്പോസ് യേശുക്രിസ്തുവിനെക്കുറിച്ച് ഷണ്ഡനോട് സംസാരിക്കുകയും ഉടൻ തന്നെ ഒരു അനുസരണത്തിന് ഷണ്ഡൻ തയ്യാറാകുന്നതായും കാണുന്നു....അവിടെ ഫിലിപ്പോസിനോട് തർക്കിക്കുവാനോ, വചനം അനുസരിക്കുന്നതിന് ഒഴിവു കഴിവുകൾ കണ്ടുപിടിക്കുവാനോ ഷണ്ഡൻ ശ്രമിക്കുന്നില്ല. ( യോഹന്നാൻ 14:15 ) ഷണ്ഡൻ എന്തുകൊണ്ട് ഇപ്രകാരം പ്രവർത്തിച്ചു ? കാരണം, സുവിശേഷം അനുസരിക്കേണ്ടതിന്റെ ആവശ്യകത അവന് പൂർണ്ണമായി മനസ്സിലായിരുന്നു.

സുവിശേഷം അനുസരിക്കുന്നതിനുള്ള നിങ്ങളുടെ തീരുമാനം നിങ്ങൾ തന്നെ ഇന്ന് എടുക്കുക. ഒരു ദൈവപൈതലായി തീർന്ന് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ചേർക്കപ്പെടുന്നതിനുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കുക. സഹായത്തിനായി എഴുതുമല്ലോ............

* * *

# വാർത്തകൾ

"മരം വെട്ടുന്നതു കണ്ടാൽ റബർ ടാപ്പു ചെയ്തു പാലൊഴുകുന്നതു കണ്ടാൽ കണ്ണീരും കവിതയും വരുന്ന സുഗതകുമാരിക്കുപോലും ലോകാരാദ്ധ്യനായ ഒരു ചരിത്രപുരുഷൻെറ വിശുദ്ധ വ്യക്തിത്വം നടു റോഡിലിട്ട് അക്രമിച്ചു മുറിപ്പെടുത്തുന്നതു കണ്ടിട്ടു കരളൊന്നൊന്തില്ല, കവിതയും വന്നില്ല." പ്രൊഫസർ ജോസഫ് മററം പ്രസ്താവിച്ചതാണിതു്.

ജന്മ ദേശമായ പോളണ്ടിൽ സംഘർഷം നിലവിലിരുന്നതിനാൽ പോപ്പിനു് സന്തോഷ സൂചകമായ ഔരവേല്പ്പ് മറിച്ചു് ദുഃഖ സൂചകമായ സ്വീകരണമാണ് ലഭിച്ചതെന്ന പത്ര വാർത്ത അപദ്ധമാണെന്നു് പോപ്പു് ജോൺ പോൾ രണ്ടാമൻ ഒരു പത്രക്കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു.

രാഷ്ട്രീയ നേതാക്കന്മാരോ ഭരണ കർത്താക്കളോ ബിഷപ്പുമാരെ പോയി സന്ദർശിക്കുന്നതു് തെററല്ലെന്നു് മുഖ്യമന്ത്രി തൻെറ ബിഷപ്പു് ഹൗസ് സന്ദർശനത്തെ പരാമർശിച്ചു വ്യക്തമാക്കുകയുണ്ടായി. ഇതിനു മുൻപും ഇതുപോലെയുള്ള സന്ദർഭത്തിൽ മററു പലരും മതാദ്ധ്യക്ഷന്മാരെ ചെന്നു കണ്ടിട്ടുണ്ടെന്നു് അദ്ദേഹം വെളിപ്പെടുത്തി.

# " വീട്ടിലേയ്ക്കു വരു."

## ( COME HOME )

**റോജർ മക്കെൻസി**

ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാന തത്വങ്ങളിലൊന്നാണ് സഹോദരങ്ങൾ തമ്മിലുള്ള കൂട്ടായ്മയും ബന്ധവും. തിരുവചനത്തിൽ സഭയെ കുടുംബമായാണ് വിശേഷിപ്പിച്ചിരിക്കുന്നതു്. സ്നേഹത്തിൽ അടിസ്ഥാനപ്പെട്ട പരസ്പര സ്നേഹത്തോടെയും കരുതലിലൂടെയും ക്രിസ്ത്യാനികൾ ശക്തി ആർജിക്കുന്നു. ഈ കൂട്ടായ്മ എപ്പോൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി നഷ്ടപ്പെടുത്തുന്നുവോ, ക്രിസ്തീയ ജീവിതത്തിലെ ഏററവും പ്രാധാന്യമേറിയ ഒരു ഘടകമാണ് ആ വ്യക്തിയ്ക്കു് അപ്പോൾ നഷ്ടമാകുന്നതു്.

നാം കൂടിവരേണ്ടത് നമുക്കു് പ്രയോജനകരമാണ് എന്നു് ദൈവത്തിനു് അറിയാം. ആദിമ സഭ സ്ഥാപിതമായപ്പോൾ തന്നെ കൂട്ടായ്മയ്ക്കും ആരാധനയ്ക്കുമായി കൂടി വരുന്നതിന് അവർ ശ്രദ്ധിച്ചിരുന്നു. ( പ്രവൃത്തികൾ 2:47 ). സഭായോഗങ്ങളെ ഉപേക്ഷിക്കരുത് എന്നു എബ്രായ ലേഖകൻ പ്രബോധിപ്പിക്കുന്നു ( എബ്രാ 10:24 ) ഒരുമിച്ചു കൂടിവന്ന് ദൈവത്തിന് സ്തുതികരേററുകയും പാടുകയും ചെയ്യുമ്പോൾ അത് നമ്മുടെ ഓരോരുത്തരുടെയും ആത്മിക വളർച്ചയ്ക്ക് സഹായകരമായി തീരുന്നു. (എഫേസ്യർ 5:19 )

---

**നിങ്ങൾക്കൊരു സുവർണ്ണാവസരം**

സൗജന്യ ബൈബിൾ കറസ്പ്പോണ്ടൻസ് കോഴ്സ് പഠിക്കുന്നതിനും, ബൈബിൾ സംബന്ധമായ നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും അറിയിക്കുന്നതിനും നിങ്ങൾക്ക് ഞങ്ങൾ അവസരം ഒരുക്കിയിരിക്കുന്നു....ഏതു ഭാഷയിൽ വേണമെന്ന് വ്യക്തമായി എഴുതിയിരിക്കണം. നിങ്ങളുടെ പൂർണ്ണമായ വിലാസവും ഒപ്പം അറിയിക്കുക.

എഡിററർ

ആരാധനയ്ക്കായി കടന്നു ചെല്ലുവാൻ ആഗ്രഹിക്കാത്ത ഒരു വ്യക്തി വളരെ പെട്ടന്ന് തന്നെ പാപത്തിന്റെ ബന്ധത്തിൽ വീണു പോകുന്നതായി കാണാം. കൂട്ടായ്മയ്ക്ക് വരുന്നതിനുള്ള മടി ഉള്ളിലുള്ള പാപത്തിന്റെ ഒരു ചെറിയ ലക്ഷണം മാത്രം.

ഇപ്രകാരം കൂട്ടായ്മയും ആരാധനയും അലക്ഷ്യമാക്കുന്ന ക്രിസ്ത്യാനി ദൈവത്തെ ധിക്കരിക്കുക മാത്രമല്ല, തന്റെ ആത്മീക വളർച്ചയ്ക്ക് ആവശ്യമായ ദൈവീക ശക്തി ലഭിക്കുന്നതിൽ നിന്നും സ്വയം ഒഴിഞ്ഞു മാറുക കൂടി ചെയ്യുന്നു. ഒരിക്കൽ കൂട്ടായ്മ മുടക്കുന്നു; പിന്നീട് അത് പല തവണയാകുന്നു; തുടർന്ന് ജീവിതത്തിന്റെ പല മേഖലകളിലും ദൈവഹിതം തള്ളപ്പെടുന്നു.

നാം ജീവിക്കുന്ന ഈ ലൗകീകമായ അന്തരീക്ഷം നമ്മുടെ ആത്മീയ ജീവിതത്തെ നശിപ്പിക്കുന്നതിന് കഴിയുന്ന ഒന്നാണ്. ആയതിനാൽ ഒരുവൻ ദൈവത്തെ ആരാധിക്കുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും വേണ്ടി തയ്യാറാകുന്നില്ലെങ്കിൽ ആ വ്യക്തിയ്ക്കു ഒരിക്കലും ആത്മീയ ജീവിതം മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയുകയില്ല. വല്ലപ്പോഴും മാത്രമുള്ള കൂട്ടായ്മകളും ക്രിസ്തീയ ജീവിതത്തെ ബലഹീനമാക്കും.

വളരെയധികം മെഴുകുതിരികൾ കൂട്ടിയിട്ട് നാം കത്തിയ്ക്കുക ആണ് എന്നു വിചാരിക്കുക....അവിടെ അഗ്നി വളരെ ശക്തവും ദൃശ്യവും പ്രയോജനകരവുമാണ്. പക്ഷെ ആ കൂമ്പാരത്തിൽ നിന്ന് ഒരു ചില്ലികഷണം മാററി വയ്ക്കുക....സ്വാഭാവികമായും സ്വയമായി പ്രകാശം നല്കുവാനോ, കത്തുവാനോ കഴിയാതെ തനിയെ അതിലെ അഗ്നിയുടെ സാന്നിദ്ധ്യം നഷ്ടപ്പെടുന്നതായി കാണുവാൻ കഴിയും. ദൈവം ഇന്നു വസിക്കുന്നത് തന്നെ അനുസരിച്ച് സ്വയം സമർപ്പിച്ച ക്രിസ്ത്യാനികളിലാണ്. ( പ്രവൃത്തി 2:38, റോമർ 8:9 ) ഈ ക്രിസ്ത്യാനികൾ ദൈവത്തിന്റെ ആലയങ്ങളാണ്. കൂടാതെ നാം കൂടി വരുന്ന കെട്ടിടത്തിലൊ, മണി മന്ദിരങ്ങളിലോ അല്ല ദൈവം വസിക്കുന്നത്. ഇപ്രകാരം ദൈവത്തിന്റെ ആലയങ്ങളായ ക്രിസ്ത്യാനികൾ ഒരുമിച്ച് കൂടിവരുമ്പോൾ അവരുടെ ആരാധന....വളരെയധികം ചില്ലികൾ കൂട്ടിയിട്ട് കത്തിച്ച അഗ്നിയുടെ പ്രഭാവത്തോടെയായിരിക്കും....ശക്തമായ, ദിവ്യമായ....ആരാധന! ദൈവത്തിന്റെ സാന്നിദ്ധ്യം അവരുടെ മദ്ധ്യേ ഒരു വാസ്തവമായിരിക്കും....എന്തെന്നാൽ ദൈവ പൈതലായ ഓരോ ക്രിസ്ത്യാനിയെയും നിയന്ത്രിക്കുന്നതും നയിക്കുന്നതും ദൈവത്തിന്റെ പരിശുദ്ധമായ ആത്മാവാണ്.

ഒരു ഭവനം എപ്രകാരമാണ് ഒരു പൈതലിനെ രൂപാന്തരപ്പെടുത്തുന്നതു് അതു പോലെ തന്നെ നിങ്ങൾക്കും നിങ്ങളുടെ കുടുംബ

ത്തിനും സഭ വളരെ ആവശ്യമാണ്. ദൈവത്തെ സ്വീകരിക്കാത്ത അനുസരിക്കാത്ത നിങ്ങളുടെ ആത്മാവു് ഒരു പ്രതിസന്ധിയിലാണ്.... നിങ്ങളെ സ്വാധീനിക്കുന്നവരും.... നിങ്ങൾ ആശ്രയിക്കുന്നവരുമെല്ലാം അപകട മേഖലയിലാണ്....

പക്ഷേ....ദൈവം നിങ്ങളെ സ്നേഹിക്കുന്നു. പുത്രനെ നിങ്ങൾക്കായി നല്കയും ക്രിസ്തു തന്റെ രക്തം നമുക്കായി ചൊരിയുകയും ചെയ്തു. വളരെ ചെറിയ ഒരു കാരണത്താൽ ക്രിസ്തീയ കൂട്ടായ്മ നിങ്ങൾ നഷ്ടപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ നിങ്ങൾ നഷ്ടമാക്കുന്നതു് നിത്യമായ ആത്മീയ ജീവനാണ്....

ആയതിനാൽ ദൈവ വചന പ്രകാരം സത്യം മനസ്സിലാക്കി.... അനുസരിച്ചു്....ദൈവത്തിന്റെ കുടുംബത്തിലേയ്ക്ക്.... മററു് സഹോദരങ്ങളുമായുള്ള കൂട്ടായ്മയിലേയ്ക്കു്.... നിങ്ങൾ കടന്നു വരണമെന്നു് ഞങ്ങൾ യാചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സഹായത്തിന് ഞങ്ങൾക്കായി എഴുതുമല്ലോ !

---

# തിരുവചനത്തിലെ സഭ

## സഭയുടെ സ്ഥാപനം

## ( Establishment of the CHURCH )

**ജെ. സി. ചോട്ടു്**

കഴിഞ്ഞ ഭാഗത്തിലെ പഠനത്തിൽ നിന്നും യെശയ്യാവു് 2:2,3, യോവേൽ 2:28,29 ദാനിയേൽ 2:44 എന്നീ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ കർത്താവിന്റെ രാജ്യം അല്ലെങ്കിൽ സഭ അന്ത്യകാലത്തു് യെരുശലേമിൽ ആരംഭിക്കും എന്നും, ആത്മാവു് ശക്തിയോടെ വരുമെന്നും, എല്ലാ ജാതിയും അതിലേയ്ക്കു് ഒഴുകിച്ചെല്ലുമെന്നും.... ഈ രാജ്യം എന്നന്നേക്കും നിലനിൽക്കുമെന്നും നാം മനസ്സിലാക്കി. കർത്താവു് തന്റെ സഭയെ പണിയും, അത് ശക്തിയോടെ ആയിരിക്കും, മാനസാന്തരവും പാപമോചനവും എല്ലായിടത്തും പ്രസംഗിക്കപ്പെടുമെന്നും (മത്തായി 16:18, മാർക്കോസ് 9:1, ലൂക്കോസ് 24:46 49) നാം കണ്ടു. അപ്പോസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിലേയ്ക്കു് നാം ശ്രദ്ധിക്കുകയാണെങ്കിൽ ഈ വാഗ്ദാനങ്ങളെല്ലാം പാലിച്ചിരിക്കുന്നതായും പ്രവചനങ്ങളെല്ലാം നിവർത്തിയായിരിക്കുന്നതായും കാണുവാൻ കഴിയും. പ്രവൃത്തികൾ 2–ാം അ

ദ്ധ്യായത്തിന്റെ പശ്ചാത്തലത്തിൽ ശിഷ്യന്മാർ യെരുശലേമിൽ ആയിരുന്നു എന്നു മനസ്സിലാക്കാം.

'' പെന്തെക്കൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാററടിക്കുന്നതു പോലെ ആകാശത്തു നിന്നു. ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി, അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു് നിറഞ്ഞവരായി ആത്മാവു് അവർക്കു് ഉച്ചരിപ്പാൻ നല്കിയതു പോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി..

അന്നു് ആകാശത്തിൻ കീഴിലുള്ള സകല ജാതികളിൽ നിന്നും യെരുശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി പ്രവൃത്തികൾ 2:1–6. വന്നു കൂടിയ വിവിധ ഭാഷക്കാരെക്കുറിച്ചുള്ള വിവരണം ലൂക്കൊസ് നല്കുന്നു. 12 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം വായിക്കുന്നു '' എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു; ഇതു എന്തായിരിക്കും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. ഇവർ പുതു വീഞ്ഞു കുടിച്ചിരിക്കുന്നു എന്നു് മററു ചിലർ പരിഹസിച്ചു പറഞ്ഞു. അപ്പോൾ പത്രോസ് പതിനൊന്നു പേരോടു കൂടെ നിന്നു കൊണ്ടു ഉറക്കെ അവരോടു പറഞ്ഞതു; യെഹൂദാ പുരുഷന്മാരും യെരുശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെ വാക്കു ശ്രദ്ധിച്ചു കൊൾവിൻ നിങ്ങൾ ഊഹിക്കുന്നതു പോലെ ഇവർ ലഹരി പിടിച്ചവരല്ല; പകൽ മൂന്നാം മണിനേരമേ ആയിട്ടുള്ളുവല്ലോ. ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തത്രേ; അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും ...........'' എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു. '' (പ്രവൃത്തികൾ 2:21).

സംഭവിച്ചതെല്ലാം യോവേൽ പ്രവാചകന്റെ പ്രവചനത്തിന്റെ നിവൃത്തിയാണ് എന്നു് പറഞ്ഞതിനു ശേഷം പത്രോസ് തന്റെ പ്രസംഗത്തിലേയ്ക്കു് കടക്കുന്നു. ദൈവം യേശുവിലൂടെ അത്ഭുതങ്ങളും, അടയാളങ്ങളും വീര്യപ്രവൃത്തികളും ചെയ്യുകയും അപ്രകാരം യേശു

വിനെ അംഗീകരിക്കുകയും ചെയ്തു ഈ വീര്യ പ്രവൃത്തികളെല്ലാം പെന്തെക്കൊസ്തു നാളിൽ കൂടിവന്നിരുന്ന ജന സമൂഹത്തിൻെറ മദ്ധ്യേയാണ് ചെയ്തിരുന്നതു് എന്ന് പത്രോസ് വ്യക്തമായി അവരെ ഓർമ്മിപ്പിച്ചു. തുടർന്നു് ക്രിസ്തുവിനെ എപ്രകാരമാണ് ദുഷ്ടനന്മാരായ ജനങ്ങൾ ദ്രോഹിക്കയും ക്രൂശിക്കുവാൻ മുറവിളി കൂട്ടിയത് എന്നും പത്രോസ് പറഞ്ഞു. ദൈവം യേശുവിനെ മരണത്തിൻെറ അധികാരത്തിൽ നിന്നു് വിമുക്തനാക്കിയതും, സ്വർഗ്ഗത്തിൽ തൻെറ തേജസ്സിൻെറ വലത്തു ഭാഗത്തു് ഇരുത്തിയതുമായ കാര്യങ്ങൾ തൻെറ പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്നു. പഴയ നിയമനായകനായ ദാവീദ് രാജാവിനെയും പത്രോസ് തൻെറ പ്രസംഗത്തിൽ ഉദ്ധരിക്കുന്നതായി കാണാം. എന്നിട്ടു് പത്രോസ് ഇപ്രകാരം തുടരുന്നു '' ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു; അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിൻെറ വലത്തുഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു. ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ. എന്നാൽ അവൻ—ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠം ആക്കുവോളം നീ എൻെറ വലത്തു ഭാഗത്തു ഇരിക്ക എന്നു കർത്താവു് എൻെറ കർത്താവിനോടു അരുളി ചെയ്തു— എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞു കൊള്ളട്ടെ .. ....

........ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രോസിനോടും ശേഷം അപ്പോസ്തലന്മാരോടും; സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു. എന്നു ചോദിച്ചു പത്രോസ് അവരോടു് നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ എല്ലാവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു. മററു പല വാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു ഈ വക്രതയുള്ള തലമുറയിൽ നിന്നു് രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു. അവൻെറ വാക്കു കൈക്കൊണ്ടവർ സ്നാനം ഏററു. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.......................

ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെ കൃപ അനുഭവിക്കയും ചെയ്തു. കർത്താവു് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു.... (അപ്പോസ്തല പ്രവൃത്തികൾ 2:32–41,47).

മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽ നിന്നും ക്രിസ്തുവിന്റെ സഭ സ്ഥാപിക്കപ്പെട്ടു എന്നു വ്യക്തമായല്ലോ. യെരുശലേമിലാണ് ഇതെല്ലാം സംഭവിച്ചതു് എന്നുള്ളതു് പ്രാധാന്യമേറിയ ഒരു വസ്തുതയാണ്. പരിശുദ്ധാത്മ ശക്തി അപ്പോസ്തലന്മാരിൽ നിറയപ്പെട്ടു. പണ്ടു് പ്രവാചകൻ പ്രവചിച്ചിരുന്നതിന്റെ നിവൃത്തിയായിരുന്നു അതു്....പത്രോസ് വളരെ വ്യക്തമായി അതിനെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു—'' ഇതു യോവേൽ പ്രവാചകൻ മുഖാന്തിരം അരുളി ചെയ്തതത്രേ '' പ്രവൃത്തികൾ 2:16 ഇതിനെക്കുറിച്ചു് സംശയിക്കേണ്ട കാര്യമില്ല. കൂടാതെ അന്ത്യനാളിൽ ദൈവത്തിന്റെ ആലയം (സഭ) സ്ഥാപിക്കപ്പെടുമെന്ന പ്രവചനവും നിവൃത്തിയായി എന്നു നാം കണ്ടു.... ഇതു് അന്ത്യകാലമാണല്ലോ.... (എബ്രായർ 1:12). അവിടെ കൂടിയിരുന്ന എല്ലാ ജാതികളോടും അഥവാ രാജ്യക്കാരോടും മാനസാന്തരവും പാപമോചനവും പ്രസംഗിക്കപ്പെട്ടു.... 3000 പേർ വചനം അനുസരിച്ചു് ആ ദിവസം സഭയോടു് ചേർക്കപ്പെട്ടു.

ഇങ്ങനെ ക്രിസ്തുവിന്റെ സഭ AD 33–ൽ യെരുശലേമിൽ സ്ഥാപിക്കപ്പെടുകയും ഇന്നും നിലവിലിരിക്കുകയും ചെയ്യുന്നു.

( തുടരും )

---

# വിജയം ക്രിസ്തുവിലൂടെ

ക്ളയിം തുർമാൻ

ഭയത്തിന്മേലും സംശയത്തിന്മേലും ക്രിസ്തു നല്കുന്ന വിജയം

ഒരിക്കലും ഭയപ്പെട്ടിട്ടില്ലാത്ത ആരാണ് നമ്മുടെ ഇടയിൽ ഉള്ളതു്? അതുപോലെ തന്നെ സംശയത്തിന്റെ നൂലാമാലകളിൽ കുടുങ്ങാത്ത പരും ചുരുക്കം. കാററും കോളും നിറഞ്ഞ സമയത്ത്, ഭീതിയിലമർന്നിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്കു് വെള്ളത്തിന്മീതെ നടന്നു കൊണ്ടു് കർത്താവു് സമീപിച്ചു. ശിഷ്യന്മാർ അത് ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ചു നിലവിളിക്കുന്നതായി നമുക്കു കാണാം. മത്തായി 14:26. അതു് യേശുവാണ് എന്നു മനസ്സിലാക്കിയ പത്രോസ് '' കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ

അടുക്കൽ വരേണ്ടതിനു കല്പിക്കേണം എന്നു പറഞ്ഞു '' (14:28) 'വരിക ' എന്നു കർത്താവു് പറഞ്ഞതനുസരിച്ചു് പത്രോസ് വള്ളത്തിൽ നിന്നും ഇറങ്ങി ജലത്തിന്മേൽ നടക്കുവാൻ ആരംഭിച്ചു. ഇവിടെ പത്രോസിന്റെ വിശ്വാസം എത്രത്തോളം ഉയർന്നിരുന്നു എന്നു മനസ്സിലാക്കുന്നതിനു് സാധിക്കുന്നു. പക്ഷേ അവൻ കാററു കണ്ടു പേടിച്ചു മുങ്ങുവാൻ തുടങ്ങുന്നു. (14:30). യേശു അവനെ രക്ഷിക്കുകയും " അല്പ വിശ്വാസിയേ, നീ എന്തിനു സംശയിച്ചു '' എന്നു് ശാസിക്കുകയും ചെയ്യുന്നു. നമ്മെ ഓരോരുത്തരെയും ഈ പശ്ചാത്തലത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നില്ലേ ?

 നാം വിശ്വസിക്കുന്നു എങ്കിലും.... സത്യമായി, ശക്തമായ ഒരു വിശ്വാസം നമുക്കുണ്ടോ ? '' കർത്താവേ....ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ '' (മർക്കോസ് 9:24) എന്നു് നാമെല്ലാവരും ദൈവത്തോടു് യാചിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കപ്പെടേണ്ടതു് വിശ്വാസത്തോടുകൂടിയായിരിക്കണം. പൗലോസിന്റെ വാക്കുകളിൽ— '' കാഴ്ചയാൽ അല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു്, '' 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും '' (2കൊരിന്ത്യർ 5:7, റോമർ 1:17) എന്നു കാണുന്നു. നോഹയെ രക്ഷിച്ച, അബ്രഹാമിനെ സമൃദ്ധിയിലേയ്ക്കു് വഴി നടത്തിയ, ഇസ്രായേൽ ജനതയെ അടിമത്വത്തിൽ നിന്നു മോചിച്ച, സ്വന്തം പുത്രൻ ക്രൂശിൽ മരിക്കുവാൻ തക്കവണ്ണം പാപികളെ സ്നേഹിച്ച, ദൈവത്തെ നാം പൂർണ്ണമായി ആശ്രയിക്കുമ്പോൾ അവൻ നമ്മെ വിടുവിക്കുവാൻ ശക്തനും, മതിയായവനും എന്നു നാം പൂർണ്ണമായി അറിയുന്നു. (സങ്കീർത്തനം 50:15, ദാനിയേൽ 6:20). കർത്താവിനോടൊപ്പം കൈകോർത്തു് നടക്കുമ്പോൾ നമുക്കു എല്ലാററിനെക്കുറിച്ചും പ്രത്യാശ ഉണ്ടാകുന്നു. എന്തെന്നാൽ നമ്മുടെ രക്ഷകൻ '' രാജാധി രാജാവും കർത്താധി കർത്താവുമാണ് '' 1 തിമോഥെയോസ് 6:15. വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക മാത്രമാണ് നാം ചെയ്യേണ്ടതു് (എബ്രായർ 10:22). അങ്ങനെ ഭയത്തിന്മേലും സംശയത്തിന്മേലും ക്രിസ്തു നമുക്കു് വിജയം നല്കുന്നു.

ശിക്ഷാവിധിയിൽനിന്നു് ക്രിസ്തു നമ്മെ വിജയികളാക്കുന്നു.

ദൈവവുമായി മനുഷ്യർ യഥാർത്ഥമായ ഒരു ബന്ധത്തിലേക്കും, ആശ്രയത്തിലേക്കും വരേണ്ടതിനാണ് യേശു ഭൂമിയിലേക്കു് വന്നതു് '' ആ പ്രത്യാശ നമുക്കു ആത്മാവിന്റെ ഒരു നങ്കൂരം തന്നേ; അതു നിശ്ചയവും സ്ഥിരവുമാകുന്നു....' എന്നു് എബ്രായ

ലേഖകൻ ചൂണ്ടികാട്ടുന്നു. (എബ്രായർ 6:19) എങ്കിലും അനേകർ ഇന്നും ആശങ്കാകുലരാണ് " ഞാൻ സത്യമായി രക്ഷിക്കപ്പെട്ടു എന്നു് എങ്ങനെ തീർച്ചയാക്കാം. ? " പലരും സ്വയം ചോദിക്കാറുള്ള ചോദ്യമാണിത്. അപ്പോസ്തലനായ പൗലോസ് തന്റെ വിശ്വാസത്തെക്കുറിച്ചു് സംസാരിക്കുമ്പോൾ നിശ്ചയത്തോടെ ഇപ്രകാരം പറയുന്നു—' ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു . . 2 തിമോഥെയോസ് 1:12 അപ്രകാരം നമുക്കും പറയുവാൻ കഴിയണം... , , നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം " എഫേസ്യർ 3:4.... പൗലോസിന്റെ വാക്കുകൾ നമുക്കായി ഇങ്ങനെയും രേഖപ്പെടുത്തിയിരിക്കുന്നു.

റോമർ 8:1–2–ഉം വാക്യങ്ങളിൽ—" അതുകൊണ്ടു ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു "

ശിക്ഷാവിധിയിൽ അകപ്പെടാതെ ഒരു ക്രിസ്ത്യാനിക്കു് ദിനംതോറും ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ സാധിക്കും ....അതാണു് വാഗ്ദാനം.

പാപത്തിനടിമപ്പെടാതെ ക്രിസ്ത്യാനിക്കു് എങ്ങനെ ജീവിക്കുവാൻ സാധിക്കും ? അഥവാ പാപഭാരത്തിൽ നിന്നു് എങ്ങനെ മോചനം നേടും എന്നു് പലരും സംശയിക്കാറുണ്ടു്. ദൈവ വചനം ഇപ്രകാരം നമ്മെ പ്രബോധിപ്പിക്കുന്നു—" അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' 1 യോഹന്നാൻ 1:7 ക്രിസ്ത്യാനികളായി തീർന്നവർക്കുവേണ്ടി എഴുതപ്പെട്ടിട്ടുള്ള ഭാഗമാണിതു്. ക്രിസ്ത്യാനി ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ശ്രമിക്കുമ്പോൾ ക്രിസ്തുവിന്റെ രക്തം പാപങ്ങളിൽ നിന്നും അവനെ ശുദ്ധീകരിക്കുന്നു.

പൗലോസിന്റെ വാക്കുകളിൽ— " കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ' റോമർ 4:8.

ക്രിസ്തുവിലായ ഒരു മനുഷ്യന്റെ—അഥവാ ക്രിസ്ത്യാനിയുടെ പാപങ്ങൾ ഒരിക്കലും കണക്കിൽ ചേർക്കപ്പെടുന്നില്ല ....അവൻ അതിനെക്കുറിച്ചു് പശ്ചാത്തപിക്കുമ്പോൾ ക്രിസ്തു തന്റെ രക്തത്താൽ അവനെ ശുദ്ധീകരിക്കുന്നു.... അങ്ങനെ ശിക്ഷാവിധിയിൽ നിന്നു് അവൻ വിജയം നേടുന്നു. ഇതാണു് 1 യോഹന്നാൻ 1:7–8 റോമർ 4:8, 8:1. എന്നീ ഭാഗങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നതു്.

ഈ വിജയം ക്രിസ്തുവിനു മാത്രമേ നല്കുവാൻ കഴിയുകയുള്ളു. മരണത്തിന്മേൽ ക്രിസ്തുവിലൂടെ വിജയം.

'' മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ ? '' ഇയ്യോബ് 14:14. ആദാമിന്റെ കാലം മുതൽ ഇന്നു വരെ മനുഷ്യനെ അലട്ടികൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിതു്. പക്ഷേ യേശു ക്രിസ്തു തന്റെ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേററതിലൂടെ അവനിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്കു് മരണത്തിന്റെ ബന്ധനങ്ങളിൽ നിന്നു് പ്രത്യാശയും സ്വാതന്ത്ര്യവും വാഗ്ദാനം ചെയ്യപ്പെട്ടു. മരണത്തിന്റെ ബന്ധനങ്ങൾ ക്രിസ്ത്യാനിയുടെ മേൽ ബലഹീനമായി തീർന്നു.

'' മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവ പര്യന്തം മരണ ഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു ' എന്നു് എബ്രായ എഴുത്തുകാരൻ സൂചിപ്പിക്കുന്നു. (എബ്രായർ 2:15). അങ്ങനെ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി....1 കൊരിന്ത്യർ 15:20 ക്രിസ്തുവിൽവിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനി ഇപ്രകാരം വിശ്വസിക്കുമെന്നു് പൗലോസ് വെളിപ്പെടുത്തുന്നു— '' യേശു മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്ര കൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും 1 തെസ്സലൊനിക്യർ 4:14. യേശുവിന്റെ പുനരുദ്ധാനം നമ്മുടെ പുനരുദ്ധാനത്തിന്റെയും സൂചനയാണ്.

ഒരിക്കൽ മരിക്കുമെന്നു് മനുഷ്യനെക്കുറിച്ചു് നിയമിച്ചിരിക്കുന്നു. (എബ്രായർ 9:27) പക്ഷേ ക്രിസ്ത്യാനിക്കു മരണത്തെക്കുറിച്ചു ഭയമില്ല. പൗലോസിനെപ്പോലെ ക്രിസ്ത്യാനി മരണത്തെ ശരിയായി കാണുന്നു '' എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. ''(ഫിലിപ്പിയർ 1:21) ....ക്രിസ്തു നമുക്കായി ഒരു സ്ഥലമൊരുക്കുവാൻ പോയിരിക്കുന്നു എന്നു ഒരു ക്രിസ്ത്യാനി വിശ്വസിക്കുന്നു. (യോഹന്നാൻ 14:1–3). ആയതിനാൽ മരണത്തെ നാം എന്തിനു് ഭയപ്പെടണം ? ദൈവത്തിന്റെ ദാനമാകുന്ന ഈ ജീവിതം അവനുവേണ്ടി മുഴുവനായി ഉപയോഗിക്കുവാൻ നമുക്കു് കഴിയണം. അങ്ങനെയുള്ള ഒരു ജീവിതത്തിൽ മരണം ഒരു അനുഗ്രഹമാണ് (വെളിപ്പാടു് 14;13). പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക—'' മരണം നീങ്ങി ജയം വന്നിരിക്കുന്നു....ഹേ, മരണമേ നിന്റെ ജയം എവിടെ ? മരണത്തിന്റെ വിഷമുള്ളു പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ

യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം '' (1 കൊരിന്ത്യർ 15:54–57).

ഈ വിധത്തിൽ, ക്രിസ്തുവിലൂടെ നിങ്ങൾക്ക് ഒരു വിജയിയായിതീരുവാൻ കഴിയും. നിങ്ങൾക്കു് അവനിലുള്ള വിശ്വാസം അനുസരണത്തിലേയ്ക്കു നിങ്ങളെ നടത്തുന്നു എങ്കിൽ.... ജീവിതത്തിന് മേലും മരണത്തിന്മേലും നിങ്ങൾ വിജയം നേടും. വിജയം നിങ്ങളുടേതാണ്, കാരണം ക്രിസ്തു ജയിച്ചവൻ തന്നെ.

---

# വിജയം ക്രിസ്തുവിലൂടെ

**ക്ളയിം തുർമാൻ**

വിജയികളാകുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. വിജയികളെ എല്ലാവരും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. പലർക്കും....പല മേഖലകളിൽ പ്രവർത്തിക്കുന്നവർ നാം വിജയാശംസകൾ നേരാറുണ്ടു്. ഒരു ടീമിനെ നാം പ്രോത്സാഹിപ്പിക്കുമ്പോൾ ആ ടീം വിജയിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതു് പരാജയപ്പെടുവാനല്ല നാം പ്രോത്സാഹിപ്പിക്കുക. വിജയിക്കണം എന്ന ചിന്ത തെററല്ല. പക്ഷേ ശരിയായ വിലയിരുത്തലുകളിൽ കൂടി പ്രോത്സാഹിപ്പിക്കുന്നതു് നല്ലതാണ്. ഒരു കളിയുടെ വിജയത്തെ നിയന്ത്രിക്കുന്നതു് കളിയ്ക്കുന്ന രീതിയാണ്.

എല്ലാവർക്കും വിജയിക്കുക എളുപ്പമല്ല. ഒരു ടീം അല്ലെങ്കിൽ ഒരു വ്യക്തി വിജയിക്കുമ്പോൾ മറെറാരു ടീം അല്ലെങ്കിൽ വ്യക്തി സ്വാഭാവികമായി പരാജയപ്പെടും.

അപ്പോസ്തലനായ പൗലോസ് കളിക്കളത്തെ ക്കുറിച്ചു് തൻെറ ലേഖനങ്ങളിൽ പരാമർശിക്കാറുണ്ടു്. ' ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ ? '' 1 കൊരിന്ത്യർ 9:24 കായിക പ്രകടനത്തെ പററിയല്ല പൗലോസ് സംസാരിക്കുന്നതു്, പിന്നെയോ ക്രിസ്ത്രീയ ജീവിതത്തെ പരാമർശിച്ചാണ്. ഈ ലോകത്തിൽ പലതരത്തിൽ മനുഷ്യർ ജീവിത ഓട്ടത്തിൽ പങ്കെടുക്കുന്നു.... പക്ഷേ രക്ഷ, അഥവാ ജീവിത വിജയം കണ്ടെത്തുന്നവർ ചുരുക്കം. '' ആകയാൽ സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുററും നില്ക്കുന്നതു കൊണ്ടു സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക; വിശ്വാസത്തി

ന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക '' എബ്രായർ 12:1—2 എന്നു് എബ്രായ ലേഖകൻ പ്രബോധിപ്പിക്കുന്നു.

ക്രിസ്തുവിന്റെ മരണത്തെയും, അടക്കത്തെയും, പുനരുദ്ധാനത്തെയും കുറിച്ചു് പ്രസ്താവിക്കുകയും തുടർന്നു്—'' നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം '' 1 കൊരിന്ത്യർ 15:57 എന്നും പൗലോസ് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇവിടെ എല്ലാവരും വിജയികളായി തീരുന്നതിനെക്കുറിച്ചാണ് പൗലോസ് സൂചിപ്പിക്കുന്നതു് '' നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു '' റോമർ 8:37.

ഏതെല്ലാം രീതിയിലാണ് ക്രിസ്തു നമ്മെ വിജയികളാക്കുന്നതെന്നു നോക്കാം. പാപഭാരത്തിൽ നിന്നും ക്രിസ്തു നമ്മെ വിജയികളാക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏററവും സങ്കീർണ്ണമായ പ്രശ്നം പാപത്തെക്കുറിച്ചുള്ളതാണല്ലോ. പാപത്തിന്റെ ഫലങ്ങളും, സ്വാധീനവുമാണ് മററു പല തരത്തിലുള്ള പ്രശ്നങ്ങളുടെയും കാരണം. നാം പാപത്തിന്മേൽ വിജയം നേടുന്നില്ല എങ്കിൽ കളിക്കളത്തിലെയും, വ്യവസായത്തിലെയും, രാഷ്ട്രീയത്തിലെയും, മററു എല്ലാ മേഖലകളിലെയും നമ്മുടെ വിജയം അർത്ഥ ശൂന്യമാണ്. പാപത്തിൽ ബന്ധിതരായവരെ ' പാപത്തിന്റെ ദാസൻ ' (യോഹന്നാൻ 8:34) ' പിശാചിന്റെ മകൻ ' (യോഹന്നാൻ 8:44), ' പാപികൾ ' എന്നെല്ലാം തിരുവചനം സംബോധന ചെയ്തിരിക്കുന്നു. എല്ലാവരും പാപം ചെയ്തു; അവർക്ക് സ്വയമായി രക്ഷപ്പെടുവാൻ കഴിയുന്നില്ല എന്നും വചനം പ്രസ്താവിക്കുന്നു. യിരമ്യാവു് 10:23.

മനുഷ്യർ ഈ അവസ്ഥയിലായിരുന്നപ്പോഴാണ് ദൈവം അവരോടുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചതു് (റോമർ 5:8).... ' തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു :: യോഹന്നാൻ 3:16.

ദൈവ പുത്രൻ എന്തിനായാണ് ഭൂമിയിലേയ്ക്കു് വന്നതു് എന്നു് വ്യക്തമായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. '' അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം.... '' മത്തായി 1:21.

മനുഷ്യരായ നാം പാപം ചെയ്തു; ആ പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ 6:23) ക്രിസ്തു ദൈവ കൃപയാൽ നമുക്കെല്ലാവർക്കും വേണ്ടി മരണം ആസ്വദിക്കുകയും മരിക്കുകയും ചെയ്തു. (എബ്രായർ 2:9) ക്രിസ്തു ക്രൂശിനെ സ്വീകരിച്ചപ്പോൾ അതു നമ്മെ ഒരോരുത്തരെയും വിലക്കു വാങ്ങുവാൻ രക്തം ചൊരിയുന്നതിനായിട്ടായിരുന്നു.... " നമ്മെ വീണ്ടെടുത്തിരിക്കുന്നതു.... നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ'' 1പത്രോസ് 1:18—19.

ആ രക്തത്താൽ ക്രിസ്തു നമ്മെ ശുദ്ധീകരിച്ചു. നമ്മുടെ അതിക്രമങ്ങൾ മോചിച്ചു. (എഫേസ്യർ 1:7) അങ്ങനെ നാം പാപികളായിരുന്നുവെങ്കിലും അവന്റെ രക്തത്താലും, അതിനോടുള്ള നമ്മുടെ അനുസരണത്താലും (മർക്കോസ് 16:16, റോമർ 6:3—4)പാപഭാരത്തിൽ നിന്നും നാം വിടുവിക്കപ്പെട്ടു വിജയത്തിലേക്കു് കടന്നിരിക്കുന്നു. ക്രിസ്തു പാപ സ്വഭാവത്തിൽ നിന്നും നമ്മെ വിജയികളാക്കുന്നു.

ക്രിസ്ത്യാനി ആയി തീർന്നതു കൊണ്ടുമാത്രം പാപത്തിന്മേലുള്ള നമ്മുടെ വിജയം പൂർണ്ണമാകുന്നില്ല. ' എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നു ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു ' 2 കൊരിന്ത്യർ 5:15.... എന്നു പൗലോസിന്റെ വാക്കുകളിൽകൂടി രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ഒരു ക്രിസ്ത്യാനി ഒരോ ദിവസവും അവനു വേണ്ടി ജീവിക്കുവാൻ ബദ്ധപ്പെടുമ്പോൾ " ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. '' 1. യോഹന്നാൻ 1:7. ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെ ഉണ്ടു് എന്നു് വാഗ്ദാനം ചെയ്ത നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യം ഈ ജീവിത യാത്രയിൽ നമ്മെ ശക്തീകരിക്കുന്നു.

ഈ ബോധമാണ് അപ്പോസ്തലനായ പൗലോസിന്റെ വാക്കുകളിൽ തെളിഞ്ഞുകാണുന്നതു്— " ....ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. '' " എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു '' ഗലാത്യർ 2:20, ഫിലിപ്പിയർ 4:13. നമ്മുടെ പരീക്ഷണ വേളകളിൽ നാം പരീക്ഷകളെ അതി ജീവിക്കേണ്ടതിനു് ഒരു പോക്കുവഴിയും അവൻ ഒരുക്കുന്നു 1. കൊരിന്ത്യർ 10:13.

ക്രിസ്തുവിൽ നാം വിശ്വാസം അർപ്പിച്ചു സ്നാനമേല്ക്കുമ്പോൾ പാപത്തിൽ നിന്നു സ്വതന്ത്രരാകുകയും, ജീവന്റെ പുതുക്കത്തിൽ

നടക്കേണ്ടതിനു് ഉയർത്തപ്പെടുകയും ചെയ്യുന്നു. റോമർ 6:4,8. അങ്ങനെ നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം, പാപ ശരീരത്തിന്റെ നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെടുന്നു. റോമർ 6:6.

ദൈവഹിതത്തിനു വേണ്ടി പൂർണ്ണമായി നാം സമർപ്പിക്കപ്പെടുമ്പോൾ പാപത്തിന്മേലുള്ള നമ്മുടെ വിജയം പൂർണ്ണമാകുന്നു. '' നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും; ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. '' റോമർ 8:13–14.
ജീവിത പരീക്ഷണങ്ങളിൽ ക്രിസ്തു നമുക്കു് വിജയം നല്കുന്നു.
'' സ്ത്രീ പ്രസവിച്ച മനുഷ്യർ അല്പായുസ്സുള്ളവനും കഷ്ട സമ്പൂർണ്ണനും ആകുന്നു '' വേദനയോടും, വിഷമത്തോടും കൂടി ഇയ്യോബ് ഉദ്ധരിച്ച വാക്കുകളാണിവ. ഇയ്യോബ് 14:1.

കഷ്ടതകളിലും, പരീക്ഷണങ്ങളിലും കൂടി നാം പ്രയാസപ്പെടുമ്പോൾ ക്രിസ്തു എന്ന നല്ല സുഹൃത്തിനെ നാം മറന്നു പോകരുതു് പൗലോസ് പറഞ്ഞു— '' ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു '' 2 കൊരിന്ത്യർ 1:5. രോഗങ്ങളിലും, വേദനകളിലും, വിഷമതകളിലും ക്രിസ്തുവിന്റെ ഈ വാഗ്ദാനങ്ങൾ നമ്മെ ശക്തീകരിക്കും— ' ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല; എബ്രായർ 13:5 '' അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ '' 1.പത്രോസ് 5:7.

ക്രിസ്തുവിനു വേണ്ടിയുള്ള നമ്മുടെ പരിശ്രമത്തിൽ നാം പരാജയപ്പെടുമോ എന്നും, ലോകം നമ്മെ കീഴടക്കുമോ എന്നും നാം സംശയിച്ചേക്കാം....പക്ഷേ ക്രിസ്തു നമ്മെ മുൻകൂട്ടി താക്കീതു ചെയ്തു. ' യോഹന്നാൻ 15:18–19.... അങ്ങനെ ലോകത്തിൽ നാം ജീവിക്കുമ്പോൾ ക്രിസ്തുവിന്റെ ശക്തി നമ്മെ സഹായിക്കുന്നു. '' ലോകത്തിൽ നിങ്ങൾക്കു് കഷ്ടം ഉണ്ടു് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.... ''. എന്നു് ക്രിസ്തു പറഞ്ഞു. യോഹന്നാൻ 16:33 അങ്ങനെ ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന ഒരു വ്യക്തി ക്രിസ്തു ലോകത്തിന്മേൽ നേടിയ വിജയത്തിൽ പങ്കാളിയായിതീരുന്നു.

---

YOUR ATTENTION PLEASE!

# Radio Sri Lanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth, Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 ; 00 to 9 : 15 P. M.

Saturdays– 9 : 45 to 10 : 00 P. M.

**TELUGU** —*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays –2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P M.

Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Qulion—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K Dis, 90095/ 86/ A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India